## സ്വാഗതസംഘം

**രക്ഷാധികാരികൾ**

അഡ്വ: കെ.കെ. ബലറാം
കൊളക്കോട് ചന്ദ്രശേഖരൻ
ഡോ: വാരണക്കോട് ഗോവിന്ദൻ നമ്പൂതിരി
എൻ.കെ. കൃഷ്ണൻ മാസ്റ്റർ
പി. ജനാർദ്ദനൻ
പി.കെ. ശ്രീധരൻ മാസ്റ്റർ
റിട്ട. ജഡ്ജ് ജ്യോതിന്ദ്രകുമാർ
പി.ആർ. ദിവാകരൻ മാസ്റ്റർ
റിട്ട: കേണൽ രാംദാസ്
അഡ്വ: എ.വി. കേശവൻ
എം. പി. ബാലൻ മാസ്റ്റർ
എം. പി. നമ്പൂതിരി
എ. ദാമോദരൻ

ചെയർമാൻ : ഡോ: പി.വി.എൻ. നമ്പ്യാർ

വൈസ് ചെയർമാൻമാർ: രവീന്ദ്രനാഥ് ചേലേരി
രാജേഷ് വാര്യർ
ഡോ: ഇ. ബാലകൃഷ്ണൻ
ടി. രാജശേഖരൻ
ഇ. വേണുഗോപാൽ

ജനറൽ കൺവീനർ: പി. പ്രകാശൻ

ജോയന്റ് കൺവീനർ: കെ.ശിവദാസൻ
കെ.പി.പ്രമോദ് കുമാർ.
പി.ടി.രമേശൻ

ട്രഷറർ: എസ്. അനിൽ കുമാർ

**ഓഫീസ് നമ്പർ: 9074271174 , 9388777220, 9446362447, 9061106662**

Bharatheeya Vicharakendram
Samskrithi BhavanG.P.O.Lane, Thiruvananthapuram 695 001
vicharakendram@gmail.com

# ഭാരതീയവിചാരകേന്ദ്രം
# 37ാം വാർഷിക സമ്മേളനം

# ആധുനിക ലോകം ഭാരതീയ ദർശനം

**2020 ജനുവരി 10,11,12**

**കണ്ണൂർ**
**നവനീതം ഓഡിറ്റോറിയം**
(തളാപ്പ് ചിന്മയ ബാലഭവന് സമീപം)

# ഭാരതീയവിചാരകേന്ദ്രം
# 37-ാം വാർഷിക സമ്മേളനം

ധന്യാത്മൻ,

കേരളത്തിന്റെ സാംസ്കാരികവും ചിന്താപരവുമായ പൊതുജീവിതത്തെ വാഗ്ഭടാനന്ദനും, ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും അയ്യൻകാളിയും നേതൃത്വം നൽകിയ നവോത്ഥാന പ്രസ്ഥാനങ്ങൾ ദേശീയ ചിന്താധാരയിൽ ഉറപ്പിച്ചു നിർത്തിയെങ്കിലും പിന്നീടുവന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഈ മുന്നേറ്റത്തെ പ്രതിരോധിക്കുകയും കേരളത്തിന്റെ വളർച്ചയെ അട്ടിമറിക്കുകയും ചെയ്തു. ഈ ഒരു ഘട്ടത്തിലാണ് പത്മവിഭൂഷൺ ശ്രീ. പി. പരമേശ്വർജിയുടെ നേതൃത്വത്തിൽ ഭാരതീയവിചാരകേന്ദ്രം 1982-ൽ പ്രവർത്തനം ആരംഭിക്കുകയും കേരളത്തിന്റെ ചിന്താമണ്ഡലത്തെ ദേശീയ ധാരയിലേക്ക് തിരിച്ചു പിടിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തത്.

ആർഷ വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ പഠനഗവേഷണങ്ങൾ നടത്തി രാഷ്ട്രത്തിന്റെ സമകാലിക പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിച്ച് കേരളത്തെ ശരിയായ ദിശയിൽ നയിക്കുക എന്നതാണ് ഭാരതീയവിചാരകേന്ദ്രത്തിന്റെ ദൗത്യം. 1982-ൽ സ്ഥാപിതമായത് മുതൽ ഭാരതീയവിചാരകേന്ദ്രം കേരളത്തിന്റെ വൈചാരികവും സാംസ്കാരികവുമായ പൊതുപ്രശ്നങ്ങളിൽ നിരന്തരം ഇടപെടുകയും ശരിയായ ദിശ കാട്ടുകയും ചെയ്തിട്ടുണ്ട്. ഇന്ന് കേരളത്തിൽ ശക്തമായി രൂപപ്പെട്ടു കൊണ്ടിരിക്കുന്ന ദേശീയ ബോധത്താൽ പ്രേരിതമായ പ്രവർത്തനങ്ങൾക്ക് വിചാര കേന്ദ്രത്തിന്റെ ആശയപരമായ പിന്തുണ വളരെയേറെയാണ്.

ആധുനിക ലോകത്തിന്റെ ശരിയായ പുനഃസൃഷ്ടിക്ക് ഭാരതീയ ദർശനങ്ങളുടെ പ്രസക്തി ആഗോളതലത്തിൽ പഠനവിധേയമാക്കിക്കൊണ്ടിരിക്കുന്ന കാലമാണിത്. അതുകൊണ്ടു തന്നെയാണ് ഭാരതീയവിചാരകേന്ദ്രം "**ആധുനിക ലോകം ഭാരതീയ ദർശനം**" വിഷയമായി സ്വീകരിച്ചത്. ആധുനിക ലോകത്തിന് പാശ്ചാത്യമായ ആരംഭവും ഭാരതീയമായ അവസാനവും ഉണ്ടാകുമെന്ന് പ്രഖ്യാപിച്ചത് വിശ്രുത ചരിത്രകാരനായ അർനോൾഡ് ടോയിൻബിയാണ്.

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം ലോകം ആഘോഷിക്കുന്ന കാലയളവാണിത്. ഗാന്ധിയൻ സങ്കല്പങ്ങളിലൂടെ ലോകത്തിന്റെ പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാക്കാനുള്ള പരിശ്രമം നടക്കുകയാണ്. അതിന്റെ ഭാഗമായി ഭാരതീയവിചാരകേന്ദ്രം വാർഷിക സമ്മേളനം "**നവഭാരതനിർമ്മാണം ഗാന്ധിയൻ സമീപനം**" എന്ന വിഷയം വിശദമായ പഠനത്തിന് വിധേയമാക്കുന്നു.

ആർഷമായ ചിന്തകളുടെ അടിസ്ഥാനത്തിൽ ഭാരതത്തെ പുനഃസൃഷ്ടിക്കാൻ ശ്രമിച്ച മറ്റൊരു പ്രതിഭയാണ് ദത്തോപാന്ത് ഠേംഗ്ഡ്ജി അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമാണിത്. മുതലാളിത്തവും കമ്മ്യൂണിസവും തകർന്നടിഞ്ഞപ്പോൾ ഭാരതീയമായ ഒരു മൂന്നാം ബദൽ അദ്ദേഹം മുന്നോട്ടുവെച്ചു "**ദത്തോപാന്ത് ഠേംഗ്ഡ്ജി പ്രത്യയ ശാസ്ത്രത്തിന്റെ മൂന്നാം മാർഗ്ഗം**" എന്ന വിഷയം ഈ വാർഷിക സമ്മേളനം ചർച്ച ചെയ്യുന്നു.

ധീര ദേശാഭിമാനിയും സ്വാതന്ത്ര്യസമര നായകനുമായിരുന്ന വീര ദാമോദര സാവർക്കർ വളരെയേറെ വിമർശനങ്ങൾക്കും ആക്ഷേപങ്ങൾക്കും അസത്യപ്രചരണങ്ങൾക്കും വിധേയമാക്കപ്പെടുന്ന കാലഘട്ടമാണിത്. ഭാരതീയമായ ദർശനത്തിന് "ഹിന്ദുത്വ" എന്ന പേര് നൽകി ദൃഢപ്പെടുത്തിയത് അദ്ദേഹമാണ്. അദ്ദേഹത്തിനെതിരെ ഇടതുപക്ഷ ബുദ്ധിജീവികൾ നടത്തിക്കൊണ്ടിരിക്കുന്ന നുണ പ്രചരണങ്ങൾക്കെതിരെ പ്രതികരിക്കുകയും സത്യം വെളിച്ചത്തു കൊണ്ടു വരികയും ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണ് അതുകൊണ്ട് "**സാവർക്കറും ഹിന്ദുദേശീയതയും**" എന്ന വിഷയവും സമ്മേളനം ചർച്ച ചെയ്യുന്നു.

36 വർഷത്തെ സാർത്ഥകമായ പ്രവർത്തനങ്ങളിലൂടെ കേരളത്തെ മുന്നോട്ടു നയിച്ച ഭാരതീയവിചാരകേന്ദ്രത്തിന്റെ 37-ാം വാർഷിക സമ്മേളനം 2020 ജനുവരി 10,11, 12 തീയ്യതികളിൽ കണ്ണൂരിൽ വിവിധ കാര്യപരിപാടികളോടെ നടക്കുകയാണ്. ദേശീയ നേതാക്കന്മാരും ചിന്തകന്മാരും പങ്കെടുക്കുന്നു. സമ്മേളനത്തിന്റെ വിജയത്തിനായി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

കണ്ണൂർ,
12-11-2019

| | |
|---|---|
| **പി.പരമേശ്വരൻ**<br>ഡയറക്ടർ | **ആർ. സഞ്ജയൻ**<br>ജോയന്റ് ഡയറക്ടർ |
| **ഡോ:എം.മോഹൻദാസ്**<br>പ്രസിഡണ്ട് | **കെ.സി. സുധീർബാബു**<br>ജനറൽ സെക്രട്ടറി |

**ഭാരതീയവിചാരകേന്ദ്രം**